2. സൂര്യപ്രകാശവുമായി സമ്പർക്കത്തിൽ വരുന്ന ഭിത്തികളിൽ ലോക്കലൈസ്ഡ് ക്രാക്ക് കാണുന്നു.

3. കോമ്പൗണ്ട് വാളിന്റെ പോയിന്റിംഗും ബ്രിക്ക് വർക്ക് പ്ലാസ്റ്ററിംഗും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ക്ലിയറൻസ് ലഭിച്ചതിനുശേഷം മാത്രം ചെയ്യുക.

ഓരോ വർക്കിന്റെയും എഗ്രിമെന്റ് ഷെഡ്യൂൾ, എസ്റ്റിമേറ്റ് ഡീറ്റെയിൽസ്, സ്റ്റേഡിയം പ്ലാൻ, കോമ്പൗണ്ട് വാളിന്റെ സൂക്ചറൽ ക്രോസ്സ് സെക്ഷൻ എന്നിവ ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയ പ്രകാരം പ്രവേശന കവാടത്തിന്റെ ലിന്റലിനു മുകളിലുള്ള ബ്ലോക്ക് വർക്ക് പൊളിച്ചുമാറ്റി പുതിയതായി ചെയ്തിട്ടുണ്ട്. ക്രാക്കുണ്ടായ ഭാഗം വീണ്ടും പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്.

ഒപ്പം കോമ്പൗണ്ട് വാൾ നിർമ്മാണം നിർത്തിവയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം ലഭിച്ചശേഷം കോമ്പൗണ്ട് വാൾ നിർമ്മാണം പുനരാരംഭിക്കുന്നതാണ്. കൺസൾട്ടന്റായ BSNL നോട് ഇക്കാര്യത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരം കുറഞ്ഞ നിർമ്മാണ പ്രവർത്തനം എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ പരാമർശിച്ച പ്രവൃത്തികൾ കരാറുകാരന്റെ ചെലവിൽ നീക്കം ചെയ്ത് പുനർനിർമ്മിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ നിർമ്മാണത്തിന്റെ അടങ്കൽ തുകയും കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയെല്ലാം ആണ് എന്നുള്ളതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 15-12-2014-ന് പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതു സംബന്ധിച്ച്

310 (312) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സ്പോർട്സ് കൌൺസിലും കിറ്റ്കോയും ചേർന്ന് കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതു സംബന്ധിച്ച വിശദമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് ; ഏതു ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനായുള്ള അപേക്ഷ 2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ ലഭിച്ചിരുന്നു. ടി അപേക്ഷ സ്കൈൽ പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ടി സ്ഥാപനം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

311 (313) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മിക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ തീയതികളിലായാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly